കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 25.08.2020

# 276 കോടി രൂപയുടെ പദ്ധതികൾ നാടിന് സമർപ്പിക്കുന്നു - മന്ത്രി ജി.സുധാകരൻ

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി നിർമ്മാണം പൂർത്തീകരിച്ചതും ആരംഭിക്കുന്നതുമായ 276 കോടി രൂപയുടെ 17 പദ്ധതികൾ ആഗസ്റ്റ് 25,26 തീയതികളിൽ നാടിന് സമർപ്പിക്കുമെന്ന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

നാലു വർഷത്തിനുള്ളിൽ പതിനായിരത്തിലേറെ റോഡുകളുടെയും നിരവധി പാലങ്ങളുടേയും കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയ പൊതുമരാമത്ത് വകുപ്പ് 276 കോടി രൂപയുടെ പദ്ധതികൾ നാടിന് സമർപ്പിക്കുകയാണ്. ധർമ്മടം മണ്ഡലത്തിലെ കോളാട് പാലം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ഇന്ന് ഉദ്ഘാടനം നിർവ്വഹിച്ചു. ഇതോടൊപ്പം ഇടുക്കി ജില്ലയിലെ പ്രകാശ് - കരിക്കൻമേട് - ഉപ്പുതോട് റോഡ് (5 കോടി), കൊല്ലം ജില്ലയിലെ മുക്കാട്ട് പള്ളി - ഫാത്തിമ ഐലന്റ് - അരുളപ്പൻതുരുത്ത് പാലം (15 കോടി), തിരുവനന്തപുരം ജില്ലയിലെ തോമ്പാമൂട് - മൂന്നാനമൊഴി റോഡിലെ മീൻമൂട് പാലം (5.8 കോടി), മൈലാട്ട്മുഴി പാലം (3 കോടി), മലയോര ഹൈവെ - കള്ളിക്കാട് - പാറശ്ശാല റോഡിന്റെ ഒന്നാം ഘട്ടം (30.6 കോടി), എറണാകുളം ജില്ലയിലെ മേക്കടമ്പ് - മഴുവന്നൂർ റോഡ് (9 കോടി), മുവാറ്റുപുഴ - കാക്കനാട് റോഡ് (4 കോടി), മുവാറ്റുപുഴ - കാക്കനാട് റോഡിലെ നെല്ലാട് മുതൽ വിട്ടൂർ വരെയുള്ള റോഡ് ( 3 കോടി ) എന്നിവയുടെ നിർമ്മാണോദ്ഘാടനവും കൊല്ലം ജില്ലയിലെ പട്ടാഴി - പിടവൂർ റോഡ് ( 5 കോടി), ദേശീയപാത 66 ലെ കരുനാഗപ്പള്ളി ടൗൺ, ചങ്ങൻകുളങ്ങര എന്നീ സ്ഥലങ്ങൾ അപകടരഹിതമാക്കുന്ന പ്രവൃത്തി (8 കോടി), അയലറ - എറണൂർകരിക്കം - മണലിൽ റോഡ് (5.7 കോടി), ഏരൂർ - ഇടമൺ റോഡ് ഒന്നാം ഘട്ടനം ( 5 കോടി), ചെങ്ങമനാട് - കടയ്ക്കൽ റോഡ്, തിരുവനന്തപുരം ജില്ലയിലെ കല്ലത്രമുക്ക് - വെള്ളല്ലൂർ റോഡ് (3.3 കോടി) എന്നീ പ്രവൃത്തികൾ നാടിന് സമർപ്പിക്കുകയും ചെയ്തതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ഓഗസ്റ്റ് 26 ന് വയനാട് ജില്ലയിലെ കരിങ്കുറ്റി - പൂളക്കര - മണിയൻകോട് - കൽപ്പറ്റ റോഡ് (3 കോടി), ചീക്കള്ളൂർ പാലം അപ്രോച്ച് റോഡ് (6.75 കോടി), കൂടേ

ത്തുമ്മൽ - മേച്ചേരി - പനമരം റോഡ് (5 കോടി), സുൽത്താൻബത്തേരി - നൂൽപ്പുഴ റോഡ് (9.7 കോടി), മീനങ്ങാടി - കുമ്പളേരി - അമ്പലവയൽ റോഡ് (7 കോടി), വടുവൻചാൽ - കോളകപ്പാറ റോഡ് (5 കോടി), തൃശൂർ ജില്ലയിലെ ചാവക്കാട് - വടക്കാൻചേരി റോഡ് (9 കോടി), മ്യൂസിയം - മുക്കാട്ടുകര - മണ്ണൂത്തി റോഡ് (4 കോടി), കോവിലകത്തുംപാടം റോഡ് (9 കോടി), മുരിങ്ങൂർ - ഏഴാറ്റുമുഖം റോഡ് (30.17 കോടി), നവീകരിച്ച ചാലക്കുടി റസ്റ്റ് ഹൗസ്, മലപ്പുറം ജില്ലയിലെ കർമ്മ പാലം (36.29 കോടി), കുണ്ടുകടവ് ജംഗ്ഷൻ നവീകരണം (3 കോടി) എന്നീ പദ്ധതികൾ നാടിന് സമർപ്പിക്കുമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു. ഇതോടൊപ്പം കണ്ണൂർ ജില്ലയിലെ കീഴത്തൂർ പാലം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഓൺലൈനായാണ് ഉദ്ഘാടനങ്ങൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി ജി.സുധാകരൻ പറഞ്ഞു.